For Private Circulation Only

September 2021

ആഗമനോത്തരം

HOLY BIBLE

Vol.68

" യഹോവയിങ്കൽ പ്രത്യാശവെയ്ക്കുക. ധൈര്യപ്പെട്ടിരിക്ക, നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ" (സങ്കീ.27:14)

No.9

പ്രാർത്ഥന സാരവത്തായ ദൈവമായിട്ടുള്ള കൂട്ടായ്മ ആകുന്നു

By Robert O. Bakke

ആശയവിനിമയം ഹൃദയ സംവാദം എന്നതിനെക്കാൾ കുറച്ചുകൂടി അർത്ഥവ്യാപ്തിയുള്ളതാണ്. പ്രാർത്ഥന എന്നുള്ളത് സാരവത്തായ ദൈവമായിട്ടുള്ള ഒരു കൂട്ടായ്മയാണ് എന്നുള്ള സത്യം. ഇത് ശക്തിപരമാണ്. ക്രിസ്ത്യാനിയുടെ ആത്മിക അവസ്ഥയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു ശക്തിയേകുന്ന സഹായകരമാകുന്ന കാര്യമാണിത്.

പ്രാർത്ഥനയിൽ കൂടിയാണ് നമ്മൾ, നമ്മുടെ ജീവിതവും, ചിന്തകളും, ആഗ്രഹങ്ങളുമെല്ലാം ദൈവസന്നിധിയിലേയ്ക്കു പകരപ്പെടുന്നത്. നമ്മൾ ജീവൻ, ശക്തി, സ്വഭാവം, മനസ്സ്, ദൈവീക അധികാരം മുതലായവ ദൈവത്തിൽ നിന്നു നമ്മളിലേയ്ക്കു തിരികെ ലഭിക്കുകയും ചെയ്യുന്നു.

ഒരു തലമുറയ്ക്കു മുമ്പെ ഇ. സ്റ്റാൻലി ജോൺസ് ഇന്ത്യയുടെ ഒരു സുവിശേഷീകരണത്തിനായിട്ടു ഇവിടേക്കു വന്ന ഒരു മിഷനറി ആയിരുന്നു. പ്രാർത്ഥന സാരവത്തായ ദൈവമായിട്ടുള്ള കൂട്ടായ്മ ആകുന്നു എന്നതിനെ കുറിച്ച് അദ്ദേഹം ഒരിക്കൽ എഴുതി. ഇപ്രകാരമാണ്.

''ആദ്യം തന്നേ (പ്രാർത്ഥന) എന്നത് ദൈവത്തെ ലഭിക്കുക എന്നതാണ്. നിങ്ങൾക്ക് അവനെ ലഭിച്ചുവെങ്കിൽ ബാക്കിയുള്ള എല്ലാകാര്യങ്ങളും പുറകേ വരുന്നതാണ്. ദൈവത്തെ നിങ്ങൾക്ക് ലഭിക്കുവാൻ അവസരം ലഭിച്ചെങ്കിൽ, അവൻ നിങ്ങളെ തന്റെ അധീനതയിൽ ആക്കുകയും, നിങ്ങൾ അവന്റെ സ്വന്തമായി തീരുകയും ചെയ്യും. അവൻ തന്റെ പ്രാർത്ഥന നിങ്ങളിലേയ്ക്കു പകരുകയും ചെയ്യും. ദൈവം പ്രചോദിപ്പിക്കുന്നു. അതുകൊണ്ട് ദൈവം ഉത്തരം നല്കുന്നു - ഇതാണ് അവന്റെ പ്രാർത്ഥന രീതി....

''പ്രാർത്ഥന എന്നാൽ വെട്ടിപിളർത്തിയ പൈൻ മരത്തിൽ ഒരു കപ്പ് വെച്ച് കൂട്ടിബന്ധിപ്പിച്ചിട്ട് ആ കപ്പിനകത്തേയ്ക്കു ഊർന്ന് ഇറങ്ങിനിറയുന്ന പടലവർണ്ണമുള്ള/ശോഭ പൂർണ്ണ പൈൻമരത്തിന്റെ ദ്രാവകം പോലെയാണ്.

ഇപ്പോൾ സുഖമായി കൂട്ടിലിരിക്കുന്ന ഒരു പക്ഷികുഞ്ഞിനെപോലെയാണ് ദൈവത്തിൽ വശത്തു അഭയം പ്രാപിച്ചിരിക്കുന്നു നിങ്ങൾ - ആ മുറിവേറ്റ വശത്ത് - നിങ്ങൾ ആയിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ - അവന്റെ കൃപകൾ നിങ്ങളുടെ കപ്പുകളിൽ നിറയപ്പെടും. അതെ നിങ്ങൾ അവന്റെ ആ മഹത്വകരമായ ജീവിതത്തെ സ്വീകരിക്കുകയാണ്.

യേശുവിന്റെ മരണദിവസത്തിന്റെ തലേ രാത്രിയിൽ അവൻ തന്റെ ശിഷ്യന്മാരോടു ഇതെ സാദൃശ്യമുള്ള ഒരു സത്യം പറഞ്ഞു. ആ സന്ദർഭത്തിൽ പറഞ്ഞ കാര്യങ്ങൾ അർത്ഥമാക്കുന്നത് ശവകുടീരങ്ങൾ, ഭാരമുള്ള വാക്കുകൾ, ആ മനുഷ്യന്റെ വാക്കുകൾ മരിക്കുവാൻ തയ്യാറായിരിക്കുന്ന ഒരുവനു വെളിപ്പെടുത്തുന്ന ഏറ്റവും പരമപ്രധാനങ്ങളായ സത്യങ്ങൾ. ഹൃദയസ്പൃക്കായ ഒരുവന്റെ മരിക്കുന്ന വാക്കുകളുടെ സ്വഭാവമാണ് വെളിപ്പെടുത്തുന്നത്.

ഞാൻ ഓർക്കുകയാണ് എന്റെ പിതാവ് തന്റെ അവസാന സമയത്ത് എന്നോടു സംസാരിച്ച വാക്കുകൾ. 64-ാം വയസ്സിൽ അദ്ദേഹം ബ്രെയിൻ ട്യൂമർ രോഗത്താൽ മരിച്ചു. ചെറുപ്പക്കാരനായ, പാസ്റ്ററായ എനിക്ക് എന്റെ പിതാവു എന്നോടു പറയുന്ന കാര്യങ്ങളിൽ എനിക്ക് വിശ്വസിക്കുവാൻ കഴിഞ്ഞിരുന്നില്ല - എന്റെ ഹീറോ മരിക്കു - ദൈവം എന്റെ പ്രാർത്ഥന കേൾക്കുകയില്ലായിരിക്കാം, ദൈവം അവനെ എഴുന്നേൽപ്പിക്കും. എല്ലാ വാരാന്ത്യത്തിലും, ഞായറാഴ്ച രാവിലെകളിലെ സഭാശുശ്രൂഷയ്ക്കു ശേഷം പതിവായി എന്റെ പിതാവിന്റെ ന്യൂജേഴ്സിയിലുള്ള ഭവനത്തിലേയ്ക്കു യാത്രചെയ്യുമായിരുന്നു. ചില സമയങ്ങളിൽ എന്റെ പിതാവിന്റെ ഭവനത്തിൽ വളരെ നിശ്ശബ്ദമായ സന്ദർഭങ്ങളിൽ എന്റെ പിതാവിന്റെ കിടക്കയ്ക്കു സമീപത്ത് ചെന്ന് അദ്ദേഹത്തിന്റെ വിറങ്ങലിച്ച തലയിൽ കൈവച്ച് കർത്താവിനോടു എന്റെ ഡാഡിയുടെ പൂർണ്ണസൗഖ്യത്തിനായിട്ടു പ്രാർത്ഥിക്കുമായിരുന്നു. ചിലപ്പോഴൊക്കെ അദ്ദേഹത്തിനു രോഗം വളരെ കൂടുതലായിരുന്നു. ഒരു തിങ്കളാഴ്ച രാത്രിയിൽ ഞാനും, ഭാര്യയും കൂടി എന്റെ ഭവനത്തിലേയ്ക്കു യാത്രയായി.

ഞങ്ങൾ അവിടുന്ന് യാത്രയായി. ആ അവസാന സമയത്ത്, കൈയ്യിൽ സ്യൂട്ട്കെയ്സ് പിടിച്ചു. ഞാൻ ഡാഡിയോടു ഗുഡ്ബൈ പറഞ്ഞു. അപ്പോൾ മങ്ങിയ ഒരു നിഴൽ അദ്ദേഹത്തിന്റെ മുഖത്ത് ഞാൻ ദർശിച്ചത്, എനിക്കു തോന്നി എല്ലാം കൈവിടപ്പെട്ടു പോകുന്നതായിട്ടു. പക്ഷേ ഞാൻ ചിന്തിച്ചു, ഒരു കുഴപ്പവും വരുകയില്ല, എല്ലാം ശുഭമായി അവസാനിക്കുമെന്നു. ഞാൻ എന്റെ പിതാവിന്റെ മുമ്പിൽ അദ്ദേഹത്തെ വളരെ ബഹുമാനിച്ചുകൊണ്ടു പറഞ്ഞു, എന്റെ സ്നേഹമുള്ള ഡാഡി, ഡാഡിയ്ക്കു ഒന്നുമില്ല, വിഷമിക്കേണ്ട, ധൈര്യമായിരിക്കുക, കർത്താവു കൈവിടുകയില്ലെയെന്ന്. എന്റെ ഡാഡിയ്ക്കു ഒന്നും സംഭവിക്കുകയില്ല എന്നു പറഞ്ഞു. ഞാൻ എന്റെ ഡാഡിയോടു കുറെ കാര്യങ്ങൾ സംസാരിച്ചു. ആർക്കും പിന്നീട് ഒരു കാര്യവും എന്നെ ബോധ്യപ്പെടുത്തുവാൻ പറ്റാത്ത നിലയിൽ ഞാൻ സംസാരിച്ചു. അങ്ങനെ ഞാൻ അവ്യക്തമായും അതിവേഗത്തിലും എന്തൊക്കെയോ സംസാരിച്ചുകൊണ്ടു എന്നെത്തന്നെ സ്വയം പ്രതിരോധിച്ചുകൊണ്ടു നിന്നപ്പോൾ എന്റെ ഡാഡി അദ്ദേഹത്തിന്റെ കിടക്കയിൽ നിന്ന് ഒരു തരത്തിൽ എഴുന്നേറ്റിട്ട് എന്നെ ഡാഡിയുടെ അടുക്കലേയ്ക്കു ചേർത്ത് അണച്ചു.

(ശേഷം 6-ാംപേജിൽ)

എന്തുകൊണ്ടു ചിലർക്കുള്ള സമാധാനം മറ്റുള്ളവർക്ക് ഇല്ല

By Boll Eliff

''നിന്റെ ന്യായപ്രമാണത്തോടു പ്രിയം ഉള്ളവർക്കു മഹാസമാധാനം ഉണ്ടു: അവർക്കു വീഴ്ചെക്കു സംഗതി ഏതുമില്ല'' (സങ്കീ. 119:165).

ചില ആൾക്കാർ നിരന്തരമായിട്ടുള്ള ഉപദ്രവങ്ങളിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അവർക്ക് ജീവിതം എന്നും താറുമാറായതാണ്. അവർ എല്ലായിപ്പോഴും പരവേശം പിടിച്ചവരും, പലതിനെ കുറിച്ചു ഭാരപ്പെടുന്നവരുമായിരിക്കും. വേഗത്തിൽ കാര്യങ്ങൾ ചെയ്യുവാൻ തന്ത്രപ്പെടുന്നവരും, എല്ലായിപ്പോഴും അവരുടെ ആഴ്ചകൾ വളരെ തകിടം മറിഞ്ഞതുമായിരിക്കും. നമ്മൾ അവരുടെ സമീപത്തു നില്ക്കുമ്പോൾ അവൻ ശ്വാസം വിടുവാൻ പോലും പറ്റുകയില്ല. അവർക്ക് അല്പ സമയത്തേക്കു വിശ്രമത്തിനുള്ള ഒരു ഇടവേള ലഭിക്കുകയോ, ഒരിക്കലും അവസാനം ഇല്ലാത്ത അനേക പ്രശ്നങ്ങളുടെ ഒരു മഹാസമുദ്രം തന്നേ ആയിരിക്കും അവർക്ക് ഓരോ ആഴ്ചകളും. അവർ അവിശ്വാസികളായി തീരണമെന്നുള്ളത് ഇവിടെ ഒരു ആവിശ്യമില്ലാത്തതാണ്. അവരിൽ പലരും കർത്താവിന്റെ അനുയായികളാണ്. എന്നിട്ടു സമാധാനം അവർക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്.

അവരെ മാറ്റിയാൽ മറ്റുള്ള പലർക്കു വലിയ സമാധാനം അവർ യഥേഷ്ടം ആസ്വദിക്കുന്നവരാണ്. അവരുടെ ജീവിത തിരക്കുകളെകുറിച്ചു ഈ കൂട്ടർ ചിന്തിക്കുന്നില്ല. ഒരു വലിയ സമാധാനം അവർ അനുഭവിക്കുന്നു; ഒരു സന്തോഷം, ലോകത്തിലെ പല വിഭ്രാന്തിച്ച അവസ്ഥകളിൽ പോലും സന്തോഷ ശോഭനമായ ഒരു ജീവിതാനുഭവം.

എന്താണ് ഇവിടുത്തെ വ്യത്യാസം?

''നിന്റെ ന്യായപ്രമാണത്തോടു പ്രിയം ഉള്ളവർക്കു മഹാസമാധാനം ഉണ്ട്'' : ഇതു അതുപോലെ തന്നേ വളരെ ലളിതമാണ്. ബഹുകാരണങ്ങളാൽ ദൈവത്തിന്റെ വചനം ഓരോ ദിവസവും കേൾക്കേണ്ടതിന്റെ അടിസ്ഥാനപരമായ മൂല്യം എന്താണെന്ന് കാണുവാൻ പരിശ്രമിക്കുന്നു. ഇത് അവരെ ദൈവ വചനത്തിൽ ശ്രവിക്കുവാൻ വളരെ പ്രാർത്ഥനയോടു കൂടി സമീപിക്കുവാൻ സഹായിക്കുന്നു. അവർ ചെയ്യാത്തതുപോലെ, ദൈവത്തിന്റെ വചനം മാറ്റമില്ലാതെ സ്ഥിരതയോടുകൂടി നിലനില്ക്കുന്നതുകൊണ്ട് മുഴു ജീവിതത്തെയും അവർ ദൈവത്തിന്റെ കാഴ്ചപ്പാടിലാണ് ദർശിക്കുന്നത്. ദൈവത്തിൽ നിന്നു ശ്രമിക്കുക/കേൾക്കുക വലിയ കൊടുങ്കാറ്റുകളുടെ മദ്ധ്യേ - തീർച്ചയായിട്ടും ഇവിടെ ഒരു വലിയ സമാധാനമാണ് അവരുടെ ജീവിതത്തിൽ സംഭവിക്കുന്നത്. അതേ സമയം മറ്റുള്ളവർക്ക് തിരിച്ചറിയത്തക്ക നിലയിൽ ദൈവീക പ്രവൃത്തികൾ ഇവരിൽ വെളിപ്പെടുന്നത്.

സങ്കീർത്തനക്കാരൻ ആ നിലയിലുള്ള ഒരുവനായിരുന്നു - ജീവിതം സമാധാനം നിറയപ്പെട്ടവനായിരുന്നു. കാരണം അവന് ദൈവവചനത്തോടു വലിയ പ്രേമമുള്ളവനായിരുന്നു. അതുകൊണ്ട് കർത്താവ് അവനു വളരെ വിടുതലുകൾ നല്കുകയും ദൈവകൃപ അനുഭവിക്കുവാനും സഹായകമായി തീർന്നു. അങ്ങനെ ഭക്തൻ ഒരു നിരാശയും ഇല്ലാത്തവനായിട്ടു മുന്നോട്ടു നീങ്ങി. നമ്മൾക്ക് അവന്റെ സാക്ഷ്യത്തെ ഒന്നു ദർശിക്കാം.

(ശേഷം 8-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" ദർശനത്തിനു ഒപു അവധിവെച്ചിരിക്കുന്നു. അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു. സമയം തെറ്റുകയുമില്ല, അതു വൈകിയാലും അതിനായി കാത്തിരിക്ക, അതു വരും നിശ്ചയം താമസിക്കയുമില്ല" (ഹബക്കൂക്ക് 2:3).

ആഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നുപോയി. സെപ്റ്റംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

കോവിഡ് ഭീഷണിയിൽ ലോകജനത ഒന്നര വർഷം പിന്നിട്ടിരിക്കുകയാണ്. ഈ മഹാമാരിയിൽ നിന്നും നാം മോചിതരായിട്ടില്ല. എങ്കിലും ഓരോ ദിവസവും ദൈവം നമ്മെ അത്ഭുതകരമായി വഴി നടത്തുന്നു. ഈ മഹാമാരി എത്രയും വേഗം നമ്മെ വിട്ട് മാറിപ്പോകുവാൻ നമുക്ക് ദൈവസന്നിധിയിൽ പ്രാർത്ഥിക്കാം.

ഈ മഹാമാരി എത്രയും വേഗം നമ്മെ വിട്ട് മാറിപ്പോകും. നമ്മുടെ അവസ്ഥകൾക്ക് ദൈവം മാറ്റും വരുത്തും. നമുക്ക് ദൈവസന്നിധിയിൽ നിലവിളിക്കാം. പ്രാർത്ഥിക്കാം. പ്രതികൂലങ്ങൾ ഓർത്ത് നാം നിരാശപ്പെട്ടു പോകാതെ ദൈവവചനം അനുസരിച്ച് ജീവിക്കുവാനും കർത്താവ് നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

സദാകാലവുമുള്ള ദൈവത്തിൽ നന്മകൾക്ക് ആശ്രയിക്കാം

By Rich Carmicleal

അടുത്ത സമയത്ത്, എനിക്ക് ഒരു അവസരം ലഭിച്ചു, എന്റെ സ്വന്തക്കാരോടും എന്റെ ഭാര്യയോടും കൂടി ഞാൻ കുറെ ദിവസങ്ങൾ ധാരാളം കുന്നുകളും മലകളും ഉള്ള ഒരു സ്ഥലം ടെന്നിസ്സിയിൽ ടൂർ പ്രോഗ്രാം നടത്തുവാൻ. ഒരു ദിവസം പ്രഭാതത്തിലുള്ള ധ്യാന സമയത്ത്, എന്റെ മുമ്പിൽ ഞാൻ കണ്ട മലകളുടെ ഒരു നീണ്ടനിര കണ്ടിട്ട്, സങ്കീർത്തനങ്ങൾ 90 ൽ ധ്യാനിക്കുവാൻ തുടങ്ങി. "കർത്താവേ, നീ തലമുറ തലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയേയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനു മുമ്പു നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു" (സങ്കീ. 90:1-2). എത്രയോ ഭയങ്കരമായ ഒരു സത്യമാണിത്. ഈ കാണുന്ന മലകളുടെയും കുന്നുകളുടെയും സൃഷ്ടിക്ക് മുമ്പെ നമ്മുടെ ദൈവം ഉണ്ടായിരുന്നു.

അപ്പോൾ എന്റെ ചിന്ത സങ്കീർത്തനങ്ങൾ 121 ലേയ്ക്കു പോയി. "ഞാൻ എന്റെ കണ്ണു പർവ്വതങ്ങളിലേക്കു ഉയർത്തുന്നു; എനിക്ക് സഹായം എവിടെ നിന്നു വരും, എന്റെ സഹായം ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു" (സങ്കീ. 121:1-2). വേറൊരു അത്ഭുതകരമായ സത്യമാണ് ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ ദൈവം. അവിടുത്തെ ഭയങ്കരമായ ശക്തിയുടെ കരങ്ങൾകൊണ്ടു സൃഷ്ടിച്ചു. "അവൻ ബലം അരെക്കു കെട്ടികൊണ്ടു തന്റെ ശക്തിയാൽ പർവ്വതങ്ങളെ ഉറപ്പിക്കുന്നു" (സങ്കീ. 65:6), അവൻ ശക്തനാണ്, നാം അവന്റെ കണ്ണുകളിലേയ്ക്കു നോക്കുന്നുവെങ്കിൽ നമ്മെ സഹായിക്കും നമ്മുടെ ദൈവം. "നിത്യത മുതൽ നിത്യതയുടെ" ദൈവം ആണ്. അവിടുന്ന് ഇന്നും നമ്മൾക്കായിട്ട് ജീവിക്കുന്നു.

അങ്ങനെ, ഇപ്പോൾ ഇതിന്റെ മദ്ധ്യത്തിൽ ദൈവമായിട്ട് നമ്മൾക്ക് ആയിരിക്കാം. എനിക്ക് ഈ വാർത്ത ലഭിച്ചത് എന്റെ സുഹൃത്തായ F.W.Krummacher -ൽ നിന്നാണ്.

"എന്നിരുന്നാലും തിരമാലകൾ ഇരെച്ചുകലങ്ങിയാലും, മുഴുവൻ ഇരുൾ മൂടിയാലും, ഇരുളിന്റെ മീതെയും, പെരുവെള്ളത്തിന്റെ മീതേയും ഇരിക്കുന്ന അനുഗ്രഹിക്കപ്പെട്ടവനും, വിശ്വസ്തരുമായ കർത്താവു. അവന്റെ കരങ്ങൾ ബലമുള്ളതാണ്. അവന്റെ ഹൃദയത്തിൽ ഇതെല്ലാം അവൻ സുരക്ഷിതമായിട്ടു വേഗത്തിലും കാത്തുസൂക്ഷിച്ചിരിക്കുകയാണ്. അവൻ നിങ്ങളെ എഴുന്നേൽപ്പിക്കുകയും നിങ്ങളെ കരുതുകയും ചെയ്യുന്നു. നിങ്ങളെ പേർ ചൊല്ലി വിളിക്കുന്നു, മേഘങ്ങളിൽ കൂടിയും, രാത്രിയുടെ യാമങ്ങളിലും.

"ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ" (യെശ. 43:1). "പർവ്വതങ്ങൾ മാറി പോകൂ, കുന്നുകൾ നീങ്ങി പോകൂ; എങ്കിലും എന്റെ ദയ നിന്നെ വിട്ടുമാറുകയില്ല. എന്റെ സമാധാന നിയമം നിങ്ങി പോകുകയുമില്ല എന്നു നിന്നോടു കരുണയുള്ള യഹോവ അരുളി ചെയ്യുന്നു" (യെശ. 54:10). ഓ! ഈ വിളിയിൽ ആശ്രയിക്കാം. നിങ്ങളുടെ ആത്മാവ് അവനിൽ വിശ്രാമം കണ്ടെത്തട്ടെ. അങ്ങനെ നിങ്ങൾ സുഖകരമായിട്ടു ഇരിക്കട്ടെ. അവന്റെ പേര് ദൈവമായവൻ എന്നാണ് - ആമേൻ. അവന്റെ മുമ്പിൽ കുനിയാം. അവനിലാകട്ടെ നിങ്ങളുടെ വടിയും കോലും. നിങ്ങളുടെ കഠിനമേറിയ ദിനങ്ങളിൽ, ഈ അമൂല്യങ്ങളായ വചനങ്ങൾ, നിങ്ങളെ ആശ്വസിപ്പിക്കട്ടെ.

ഞാൻ മുമ്പിലത്തെ വചനത്തിൽ വായിച്ച അനുഗ്രഹങ്ങളെ ഒന്ന് ദർശിക്കാം. "പർവ്വതങ്ങൾ മാറി പോകും, കുന്നുകൾ നീങ്ങി പോകും; എങ്കിലും എന്റെ ദയ നിന്നെ വിട്ടുമാറുകയില്ല. എന്റെ

(ശേഷം 7-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

''സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്ക കൊണ്ടു നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു'' (യെശ.26:3)

ഒരു അതിശയകരമായ കാര്യമാണ്, നമ്മളെപോലുള്ള എല്ലാവരുടെയും ജീവിതത്തിൽ അനുഭവിക്കുന്നതിനു വേണ്ടി വളരെ ആത്മാർത്ഥമായിട്ട് പരിശ്രമിക്കുന്നുവെങ്കിലും സാധ്യമല്ലാത്തതായി തീരുന്നുവെന്നുള്ളത്. എന്നാൽ ഇത് പ്രാവർത്തിക പഥത്തിൽ എത്തിക്കുവാൻ വളരെ ലളിതമാണ്; നമ്മുടെ മനസ്സു ദൈവത്തിൽ എല്ലായിപ്പോഴും ആശ്രയിക്കുക എന്നത്. ഇത് വളരെ ലളിതമാണെങ്കിലും ഞാൻ ഒരു കാര്യം ഓർമ്മപ്പെടുത്തട്ടെ, അനേകം വ്യക്തികൾക്ക് ഇതുവരെയും ഇത് കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത്. അവരൊക്കെ കൂടുതൽ ചിന്തിക്കുന്നത് അവരുടെ ബിസിനസ്സ് വ്യക്തിപരമായ സന്തോഷങ്ങൾ, ഓരോ ദിവസത്തെയും വാർത്തകൾ, രാഷ്ട്രീയ, വിദ്യാഭ്യാസപരമായ, സംഗീതം, ദൈവത്തെ കുറിച്ച് ചിന്തിക്കുന്നതിന് പകരമായിട്ട് അവർ ദൈവത്തിന്റെ പ്രവൃത്തികളെയാണ് ധ്യാനിക്കുന്നത്.

ഇപ്പോൾ ഒരുപക്ഷേ നമ്മുടെ ചിന്തകളിൽ ബിസിനസ്സ് കാര്യങ്ങൾ വളരെ സ്ഥാനം പിടിച്ചിരിക്കാം, അതേസമയം തന്നേ നമ്മൾ അടിയന്തരമായിട്ട് ഓർക്കേണ്ട കാര്യമാണ് ദൈവപ്രവൃത്തികളെ കുറിച്ചു ഓർക്കേണ്ടതു കാരണം കർത്താവ് നമ്മെ സ്നേഹിച്ചു നമ്മുടെ രക്ഷയ്ക്കായിട്ട് കാൽവറി കുരിശിൽ മരിച്ചു. ഒരു കന്യക അവളുടെ എല്ലാ പ്രവൃത്തികളിലും സ്നേഹത്തോടെയും സന്തോഷത്തോടെയും തന്റെ പുരുഷനെ കുറിച്ചു ചിന്തിച്ച് ജീവിക്കുന്നതു പോലെയും, വിവാഹം കഴിഞ്ഞ യൗവ്വന കാരത്തിയായ ഒരു നവവധു തന്റെ ഹൃദയത്തിൽ വലിയ സന്തോഷങ്ങൾകൊണ്ടും സ്വപ്നങ്ങൾ കൊണ്ടും നിറഞ്ഞ് തന്റെ മണവാളനെ കുറിച്ചും സദാസമയം ചിന്തിച്ച് ജീവിക്കുന്നതു പോലെയും കാരണം തന്റെ മണവാളൻ ഇപ്പോൾ വളരെ അകലെയാണ് ആയിരിക്കുന്നത്, അതുപോലെ നമ്മൾ സദാസമയവും എല്ലാ പ്രവൃത്തികളിലും കർത്താവിനെ കുറിച്ചു ചിന്തിക്കുന്നവരും, ഹൃദയംകൊണ്ടു കർത്താവുമായിട്ടു ആശയ വിനിമയം നടത്തുന്നവരും ആയിരിക്കണം. നമ്മുടെ ഹൃദയങ്ങളിൽ അവനിലുള്ള പൂർണ്ണ ആശ്രയം ഉണ്ടായിരിക്കണം - അവിടുന്നുള്ള വഴികളിൽ ആശ്രയിക്കുവാനും, സ്നേഹത്തിലും ശക്തിയിലും നിറയപ്പെട്ട ഒരു ജീവിതം നയിക്കുന്നവരുമായിരിക്കണം നമ്മൾ - അങ്ങനെ ''പരിപൂർണ്ണമായ സമാധാനം'' ആസ്വദിക്കുന്നവരായിരിക്കണം.

ഒരു നിമിഷം ഒന്നു ചിന്തിക്കാം! ''അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടു ഇരിക്കുന്നു. എല്ലാ വാഴ്ചക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു'' (കൊലൊ. 2:3,10). നമ്മൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലായിരിക്കാം, പക്ഷേ അവിടുന്നു എല്ലാ അറിയുന്നവനാണ്. നമ്മൾ ഇവിടെ ആശ്ചര്യപ്പെട്ടേക്കാം, അവിടുന്നു ആശ്ചര്യപ്പെടുന്നില്ല. അവിടുത്തെ നാമത്തിൽ നമ്മൾ ആശ്രയിക്കുവാൻ കടപ്പെട്ടിരിക്കുന്നു, കാരണം നമ്മൾ അവിടുത്തെ മക്കളാണ്. അങ്ങനെ നമ്മൾ അവിടുത്തെ ''പരിപൂർണ്ണമായ സമാധാനത്തെ'' ആസ്വദിക്കുന്നവരായിതീരാം.

പതിനായിരത്തോളം സമയങ്ങളിൽ ഞാൻ അറിഞ്ഞിരിക്കുകയാണ്. എന്നാൽ, എന്തൊരത്ഭുതം! എല്ലാ കാര്യങ്ങളിലും കർത്താവ് മനസ്സിലാക്കി തന്നിരിക്കുകയാണ്. അവിടുന്ന് എല്ലാറ്റിന്റെയും അവസാനം അതിന്റെ ആരംഭത്തിൽ തന്നെ കണ്ടിരിക്കുന്നു എന്നും, ദൈവത്തെ സ്നേഹിക്കുന്നവർക്കു സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് - അതേ എന്റെ നന്മയ്ക്കായിട്ട് കർത്താവ് എല്ലാം ചെയ്യുന്നത്. കാരണം ഞാൻ അവനെ സ്നേഹിക്കുന്നു. അവനിൽ ആശ്രയിക്കുന്നു: കർത്താവിനു എല്ലാം നന്നായി അറിയാം (ജ്ഞാനം) ഉള്ളവനാകയാൽ അവനു ഒരു കാര്യത്തിലും യാതൊരു നമ്മൾക്കുള്ളതുപോലെ സന്ദേഹങ്ങളും ഇല്ല. നമ്മൾ പലകാര്യത്തിലും ചിന്താകുഴപ്പത്തിൽ ആകുമ്പോഴും, പല നമ്മുടെ മണ്ടത്തരങ്ങളിൽ കാര്യങ്ങൾ ചെയ്യുന്ന സമയത്തു, ഹ്രസ്വദൃഷ്ടികളിൽ കാര്യങ്ങൾ ദർശിക്കുമ്പോഴും, യേശു തന്റെ സ്നേഹത്തിന്റെ പൂർണ്ണതയിലും, തന്റെ പൂർണ്ണമായ ജ്ഞാനംകൊണ്ടും ശക്തികൊണ്ടും, നമ്മുടെ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ സാധിപ്പിച്ച് നമ്മെ സന്തോഷത്തോടെയും നടത്തുന്നു - ആഗ്രഹങ്ങൾ വിശുദ്ധമാണെങ്കിൽ അവിടുന്നു പറയുകയാണ്, ''തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും; അവരുടെ നിലവിളി കേട്ടു അവരെ രക്ഷിക്കും'' (സങ്കീ. 145:19).

യേശുവിനു ജ്ഞാനവും സ്നേഹവും മാത്രമല്ല ഉള്ളത്, അവിടുന്നും വാഗ്ദത്തം ചെയ്തിരിക്കുകയാണ്. ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു'' (മത്താ. 28:18). അതുകൊണ്ടു അവിടുത്തെ ജ്ഞാന ഉപദേശങ്ങൾക്കു നമ്മോടുള്ള സ്നേഹത്താലും ആഗ്രഹങ്ങളെ നല്കി തന്നു നമ്മെ സന്തോഷിപ്പിക്കുകയും ചെയ്യുമ്പോൾ നമ്മൾ ഒരു കാര്യം ഓർത്തിരിക്കണം. അവിടുത്തെ ശക്തിയ്ക്കു കുറവുകൾ സംഭവിച്ചിട്ടില്ലെന്നു. അവനു രാജാക്കന്മാരുടെ ഹൃദയങ്ങളെ തിരിക്കുകയും, അവന്റെ ആഗ്രഹങ്ങൾ അവരിൽ കൂടി നിറവേറ്റുകയും, അവന്റെ വിശ്വസ്നേഹം ഇതു പ്രവൃത്തിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു - നമ്മൾ അവനിൽ ആശ്രയിക്കുന്നുവെങ്കിൽ തന്നിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന തന്റെ മക്കൾക്ക് ഒരു കാര്യവും അത്ഭുതമായിതോന്നുന്നില്ല. കാരണം അത്ഭുതവും അഗോചരവുമായ ദൈവീക പ്രവൃത്തികൾ അവർക്കുവേണ്ടി കർത്താവ് സദാ സമയവും ചെയ്തുകൊണ്ടിരിക്കുകയാണ്. അവരോടു കർത്താവിനുദയയും അവിടുത്തെ ഹിതങ്ങൾ നിറവേറ്റുവാൻ ഇവരെ ഉപയോഗിക്കുകയും ചെയ്യുന്നു.

പരിപൂർണ്ണമായ സമാധാനം

By Samuel L Brengle (1860 - 1936)

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

പരിപൂർണ്ണമായ സമാധാനം

സന്തോഷത്തിൽ നില നില്ക്കാം

നമ്മുടെ ഹൃദയങ്ങളുടെ ആഗ്രഹം കർത്താവിന്റെ മഹത്വവും സീയോന്റെ സമൃദ്ധി കാണാൻ വേണ്ടിയും, അതുപോലെ നമ്മൾ കർത്താവിനോടു പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അത്ഭുതപ്പെട്ടേക്കാം. എങ്ങനെയാണ് കർത്താവ് നമ്മുടെ ഹൃദയങ്ങളെ തനിക്കായി നേടി ഇരിക്കുന്നതെന്നും, അങ്ങനെ നമ്മൾ അവനിൽ ആശ്രയിക്കുകയും കർത്താവിങ്കലേക്കു നോക്കുകയും ചെയ്യുമ്പോൾ, അവൻ നമ്മൾക്കായിട്ടു കാര്യങ്ങൾ ക്രമീകരിക്കുകയും - അതു മറ്റുള്ള മനുഷ്യർ പ്രവൃത്തിക്കുന്നതുപോലെയല്ല - അതു മറ്റുള്ളവരുടെ ചെവികളിൽ കേട്ടിട്ടില്ലാത്തതുമായ വിധത്തിലാണ് നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കുന്നതു. ഈ ഭൂമിയിലുള്ള ലഘു കഷ്ടങ്ങളും പ്രാർത്ഥനയുടെ പ്രവൃത്തികൾക്കു വേണ്ടിയുള്ള എല്ലാദിവസവുമുള്ള നമ്മുടെ കാത്തിരിപ്പു, ഈ പാടുപെടുന്ന് ജീവിതവും, എന്നാൽ നമ്മൾ അവനിൽ ആശ്രയിക്കുകയും സന്തോഷത്തിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ സഹോദരന്മാരെ എല്ലാം ശക്തിയായി തീരുകയും, നമ്മൾക്കായി പ്രവൃത്തിക്കുന്ന കർത്താവിനെ കാണുവാനും സാധിക്കും. കർത്താവിന്റെ വചനം പറയുന്നത് "കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു" എന്നാണ് - എല്ലാ കഷ്ടങ്ങൾ - അതെ, അതെല്ലാം അവന്റെ കൃപയ്ക്കായിട്ടു കാത്തിരുന്നു അവർ കർത്താവിന്റെ മുഖം കാണും.

അല്പകാലങ്ങൾ മാത്രമെ കഴിഞ്ഞുപോയിട്ടുള്ളൂ. കർത്താവ് അനുവദിച്ചിരിക്കുകയാണ് ഈ കഷ്ടങ്ങളിൽ കൂടി ഞാൻ കടന്ന് പോകുവാനും ഞാൻ അനുഭവിക്കുന്ന ഈ പൊറുതികേടുകൾക്ക് പൂർണ്ണമായ ഒരു വിരാമം ഇടുവാനും താഴ്ചയിൽ നിന്നു എന്നെ ഉയർത്തുവാനും അവിടുന്ന് പദ്ധതി ഇട്ടിരിക്കുകയാണ്. എന്നാൽ ഞാൻ അവനു വേണ്ടി പ്രാർത്ഥനയിൽ കാത്തിരിക്കുമ്പോൾ, അവൻ കാണിച്ചുതന്നു എനിക്ക്, ഞാൻ അവനിൽ വലിയ ദൃഢവിശ്വാസത്തോടെയാണോ എന്റെ ഈ കഷ്ടതയിൽ ഞാൻ അവന്റെ സന്നിധാനത്തിൽ ആയിരിക്കുന്നതെന്ന്. ഞാൻ അവന്റെ മുമ്പാകെ സന്തോഷത്തോടെ ആയിരിക്കുകയാണ്. അങ്ങനെ എന്റെ കഷ്ടതയിൽ ദൈവീക അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്യുന്നു. ശിംശോൻ സിംഹത്തിന്റെ അസ്ഥികൂടത്തിൽ നിന്നു തേൻകട്ട ഭക്ഷിച്ചു ബലപ്പെട്ടതുപോലെ, അതുപോലെ ഞാനും തെളിയിച്ചു തന്നിരിക്കുകയാണ്. അവന്റെ നാമം മഹത്വപ്പെടട്ടെ! ഞാൻ സന്തോഷിച്ചും, അങ്ങനെ ഒന്നിനു പുറകെ മറ്റൊന്നു. ഈ മാതിരിയുള്ള എല്ലാ കഷ്ടങ്ങളും മാറിപോയിരിക്കുന്നു, മാധുര്യമായ കർത്താവിന്റെ സാന്നിധ്യവും അനുഗ്രഹങ്ങൾ മാത്രം ഇപ്പോൾ എന്റെ മുമ്പിൽ ശേഷിച്ചിട്ടുള്ളതും, അങ്ങനെ എന്റെ ഹൃദയത്തിൽ സദാസമയം പരിപൂർണ്ണ സന്തോഷം നിറഞ്ഞിരിക്കുന്നു.

കർത്താവ് നമ്മളെ കൂടുതൽ വിനയം ഉള്ളവരാക്കി തീർക്കുന്നില്ലെ. നമ്മെ അവിടുന്നു ഓരോ കാര്യങ്ങൾ കാണിച്ചു തന്നിരിക്കുകയാണ്. നമ്മുടെ സ്വഭാവം അവന്റെ മുമ്പിൽ വളരെ വിലപ്പെട്ടതാണ്. നമ്മുടെ പ്രവൃത്തികളെക്കാൾ. അവൻ നമ്മെ പഠിപ്പിച്ചു തരുകയാണ് വിശ്വാസത്തോടെ നടക്കുവാൻ. അത് കാഴ്ചയാലുള്ളതല്ല. നമ്മെ ധൈര്യപ്പെടുത്തുകയാണ് അവനിൽ ആശ്രയിക്കുവാനും സമാധാനത്തോടെ നമ്മൾ വിശ്വസത്തിൽ ജീവിക്കുവാനും.

സമാധാനം Vs അനാസ്ഥ

ചിലരുടെ വിശ്വാസം വളരെ ചെറുതായിരിക്കാം, തിരക്കുള്ള ആൾക്കാരെ പോലെയല്ല, അതായത് ഇവരൊക്കെ എത്ര വലിയ പ്രശ്നത്തിൽ കൂടിയും, കഷ്ടങ്ങളിൽ കൂടിയും ഒക്കെയും പോകുമ്പോൾ അവരൊന്നും യാതൊരു നിരാശയം, പരിഭവങ്ങളും കാണിക്കാതെയും ലോകത്തിന്റെ മുമ്പാകെ അവരുടെ വിഷാദാവസ്ഥ തുറന്നു കാട്ടാതെയും കൊടിയ ആപത്തുകളിലേയ്ക്കു പ്രവേശിക്കുകയും ചെയ്യുന്നു. ഇവിടെ യാണ് നമ്മൾ മനസ്സിലാക്കേണ്ടതു "പരിപൂർണ്ണ സമാധാനവും" പരിപൂർണ്ണ അനാസ്ഥ (താല്പര്യകുറവ്) തമ്മിലുള്ള വ്യത്യാസങ്ങൾ.

അനാസ്ഥ/താല്പര്യകുറവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, കുട്ടികൾക്ക് ഉണ്ടാകാറുള്ള അലസത സ്വഭാവമാണ്. സമാധാനം എന്നത് വിശ്വാസത്തിന്റെ സന്താനം/മക്കളാണ്. അത് നിർത്താതെയുള്ള / തുടർമാനമായ ചലനങ്ങൾ അല്ലെങ്കിൽ പ്രവർത്തനങ്ങളാണ്. ഈ പ്രവർത്തനം വളരെ പരിപൂർണ്ണതയുള്ളതാണ്, മനുഷ്യനെ ബലപ്പെടുത്തുവാനുള്ള ഏറ്റവും ശക്തമായിട്ടുള്ളതുമാണ്. എന്തുകൊണ്ടെന്നാൽ ഇതിൽകൂടി, ദരിദ്രനായ, ആയുധങ്ങൾ പക്കൽ ഇല്ലാത്ത മനുഷ്യർ "രാജ്യങ്ങളെ കീഴടക്കുന്നു". "വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി, വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടെച്ചു, തീയുടെ ബലം കൊടുത്തു, വാളിന്റെ വായ്ക്കു തെറ്റി, ബലഹീനതയിൽ ശക്തി പ്രാപിച്ചും, യുദ്ധത്തിൽ വീര്യന്മാരായി തീർന്നു. അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു. സ്ത്രീകൾക്ക് തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി; മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പു ലഭിക്കേണ്ടതിന്നു ഉദ്ധാരണം കൈകൊള്ളാതെ ഭേദ്യം ഏറ്റു (എബ്രാ. 11:33-35).

ഈ ശക്തമായ വിശ്വാസത്തെ നമ്മൾ പ്രാവർത്തികമാക്കുമ്പോഴാണ് "പരിപൂർണ്ണ സമാധാനം" പരിശുദ്ധാത്മാവിൽ കൂടി നമ്മുടെ ഹൃദയങ്ങളിലേക്കു നമ്മൾ സ്വീകരിക്കുന്നത്. കർത്താവിനെ നമ്മൾക്ക് അംഗീകരിക്കുവാനും കഴിയുന്നത്. ഇത് ഒരിക്കലും യാതൊരു തരത്തിലുമുള്ള സ്വാധീനങ്ങൾ കൊണ്ടോ, ദൈവത്തിന്റെ ഗുണ വിശേഷങ്ങൾ കൊണ്ടോ അല്ല, പ്രത്യുത അവൻ സാക്ഷാൽ ദൈവമായതുകൊണ്ടാണ്. അവിടുന്നു ഒരു വ്യക്തിയാണ്, അവൻ നമ്മെ യേശുവിനെ അറിയുവാൻ സഹായിക്കുന്നു, അവന്റെ മനസ്സിനെയും, താല്പര്യങ്ങളെയും കുറിച്ചു മനസ്സിലാക്കുവാൻ സഹായിക്കുകയും അവന്റെ നമ്മളിലുള്ള നിരന്തരമായ സാന്നിധ്യം അനുഭവിക്കുവാനും സഹായിക്കുന്നു. നമ്മൾ അവനിൽ ആശ്രയിക്കുന്നുവെങ്കിൽ. യേശു

(ശേഷം 7-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന സാരവത്തായ ദൈവവുമായിട്ടുള്ള കൂട്ടായ്മ ആകുന്നു

വീണ്ടും ഞാൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടു കുറെ തെറ്റായ വാഗ്ദാനങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ഞാൻ ഡാഡിയുടെ മുമ്പിലേയ്ക്കു കുനിഞ്ഞ് ഇരുന്നു. കാരണം ഡാഡിയുടെ ഒരു കരം മാത്രമെ ഉപയോഗിക്കുവാൻ ആ സമയത്ത് കഴിഞ്ഞിരുന്നുള്ളൂ. എന്റെ കഴുത്തിനെ ബലാൽക്കാരമായിട്ട് സ്വന്തമാക്കിയിരുന്നു. ഇപ്പോഴും ഞാൻ അനുഭവിക്കുകയാണ് ആ വിറയ്ക്കുന്ന കരങ്ങൾ - എന്നെ അദ്ദേഹത്തിന്റെ കവിൾഭാഗത്തേക്കു വലിച്ചു ഇഴച്ചു. ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ ഡാഡി കരയുവാൻ തുടങ്ങി. ഡാഡിയുടെ കണ്ണുകളിൽ നിന്ന് ഇറ്റിറ്റ് വീഴുന്ന ഓരോ കണ്ണുനീർ തുള്ളികൾ എന്റെ മുഖത്തേക്കു സാവധാനം വീഴുവാൻ തുടങ്ങി. അത് അവിടെനിന്നും എന്റെ കവിൾത്തടങ്ങളിൽകൂടി താഴേക്കു ഒലിച്ചു ഇറങ്ങുവാൻ തുടങ്ങി. അവൻ എന്റെ കാതുകളിൽ പിറുപിറുത്തു, “ഞാൻ നിന്നെ സ്നേഹിക്കുന്നു. ഗുഡ് ബൈ”.

അവന്റെ ആ കരങ്ങൾ എന്നെ അതിബലമായി ചേർത്തുപിടിച്ചു, അദ്ദേഹം അതുവരെയും എനിക്കായി കാത്തുവച്ചിരുന്ന ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറയുവാനായിട്ട് വാതുറന്നു. എന്നിരുന്നാലും തനിക്ക് ആ വാക്കുകളെല്ലാംതന്നെ പൂർണ്ണമായിട്ടു പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെങ്കിലും... ആ ഓരോ വിട്ടു വിട്ടു പറഞ്ഞ വാക്കുകൾ തന്റെ ഉദ്ദേശ്യങ്ങൾ എന്താണെന്ന് എനിക്ക് നല്ലവണ്ണം വ്യക്തമായിരുന്നു. കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷക്കാലം വളരെ സ്നേഹത്തോടെ വളർത്തിയെടുത്ത തന്റെ ഇളയമകനോടു തന്റെ സ്നേഹത്തിന്റെ ആഴവും കരുതലുമെല്ലാം ഞാൻ വേണ്ടുവോളം ആസ്വദിച്ചിരുന്നു. അവന്റെ ആ വാക്കുകൾ ഇന്നും എന്നെ വേട്ടയാടിപിടിച്ചിരിക്കുകയാണ്. തന്റെ ആസന്നമായ മരണത്തെ നിരസ്സിച്ച ഞാൻ, ഞാൻ അവനെ നല്ല വണ്ണം കേൾക്കുവാൻ പരാജയപ്പെട്ടു. ഞാൻ ആശിച്ചു പോകുകയാണ് എനിക്ക് ഡാഡിയെ ഒന്നു കെട്ടിപിടിച്ച് കൊണ്ടു ഒന്നു കരയുവാൻ കഴിഞ്ഞിരുന്നെങ്കിൽ!

എന്നിൽ വസിപ്പിൻ

യേശു തന്റെ മരണത്തിന്റെ രാത്രിയിൽ ശിഷ്യന്മാരെ അടുത്ത് വിളിച്ചു ചേർത്തുകൊണ്ടു നമ്മുടെ കർത്താവിനു ശിഷ്യന്മാരോടു പറയുവാനുള്ള ഏറ്റവും വിലപ്പെട്ടതും, പ്രധാനപ്പെട്ടതുമായ കാര്യങ്ങൾ അവരോടു പറഞ്ഞു. അവരെ തന്റെ കവിൾ ത്തടത്തോടു ചേർത്തു പിടിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ - ഞാൻ അങ്ങു ആശിച്ചു പോയി - പക്ഷേ അവിടുന്നു അവരെ ചേർത്ത് പിടിച്ചിരിക്കാം! പക്ഷേ അവിടുന്നു അവരെ ചേർത്ത് പിടിച്ചിരിക്കാം! എന്നാൽ നിർഭാഗ്യവശാൽ, അവിടുന്നു അവരോടു പറഞ്ഞ വാക്കുകൾ അത് അവരെ വേട്ടയാടി പിടിച്ചു. എന്തുകൊണ്ടെന്നാൽ അവരുടെ തിരസ്ക്കരണം; അവരുടെ യജമാനൻ മരിക്കും എന്നുള്ള പരമസത്യം അവൻ കൈകൊണ്ടില്ല. യേശു പറഞ്ഞു:

“ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കി കളയുന്നു; കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു. ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു. **എന്നിൽ വസിപ്പിൻ** ഞാൻ **നിങ്ങളിലും വസിക്കും;** കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ **എന്നിൽ വസിച്ചിട്ടില്ലാതെ** നിങ്ങൾക്കു കഴിയുകയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ **എന്നിലും** ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴിയുകയില്ല. **എന്നിൽ വസിക്കാത്തവനെ** ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങി പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു: അതു വെന്തുപോകും. **നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ: അതു നിങ്ങൾക്കു കിട്ടും.** നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവും മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിക്ഷ്യന്മാർ ആകും” (യോഹ. 15:1-8).

ഈ പറഞ്ഞിരിക്കുന്ന വചനങ്ങളുടെ ഘനം അറിയണമെങ്കിൽ നമ്മൾ ഇപ്പോൾ സെമറ്റിക്ക് ഭാഷ പ്രയോഗത്തിലേയ്ക്കു പ്രവേശിച്ചാൽ മാത്രമേ സാധിക്കുകയുള്ളു: അവർ ഇത് ആവർത്തനം ചെയ്യുന്നു. ഒരു ഉദാഹരണമായിട്ട് എപ്പോഴൊക്കെയും യേശു വളരെ പ്രാധാന്യം കൊടുത്തു സംസാരിച്ച വാക്കുകൾ, പലപ്പോഴും മുഖവുരയായിട്ടാണ് പറഞ്ഞത്. “ആമേൻ, ആമേൻ” ചില ഇംഗ്ലീഷ് ഭാഷാന്തരങ്ങളിലെല്ലാം “സത്യമായിട്ടും, സത്യമായിട്ടും” എന്നാണ് ചേർത്തിരിക്കുന്നത്. ഇതിന്റെ അർത്ഥം “ശ്രദ്ധയോടുകൂടി കേൾക്കുക” എന്നാണ്. വീണ്ടും ദൈവത്തിന്റെ സിംഹാസന മുമ്പിൽ ആയിരിക്കുന്ന ദൂതന്മാർ വിളിച്ചു പറയുകയാണ്, “വിശുദ്ധം”. എന്നാൽ ദൈവത്തിന്റെ കേവലം വിശുദ്ധിയെ അല്ല സൂചിപ്പിക്കുന്നത്. അവൻ “വിശുദ്ധൻ, വിശുദ്ധൻ” എന്നാണ്. എന്നാൽ രണ്ടു പ്രാവിശ്യമായിട്ടു വരുന്നതു തികച്ചു മതിയാകുന്നില്ല: പ്രത്യുത കെരൂബുകൾ ദൈവത്തെ അറിഞ്ഞ് മഹത്വപ്പെടുത്തുന്നത് ദൈവം “വിശുദ്ധൻ, വിശുദ്ധൻ, വിശുദ്ധൻ” എന്നാണ്. വേറൊരു തരത്തിൽ പറഞ്ഞാൽ “അല്ലയോ, ദൈവമേ, അവിടുന്ന് അതിമാത്രമായ /ബൃഹത്തായ/വളരെ വലിയ, അത്യാശ്ചര്യമായി / അതിഗംഭീരമായിട്ടുള്ളവൻ - അവിടുത്തെപോലെ വേറൊരുവൻ ഇല്ല വിശുദ്ധനായിട്ടു. അത്രയ്ക്കു അവിടുന്നു അങ്ങെയറ്റം വിശുദ്ധൻ.

കൊള്ളാം, യേശു തന്റെ മരണത്തിന്റെ തലേ രാത്രിയിൽ തന്റെ അടുത്തു ചേർത്തു അണച്ച അവിടുത്തെ ശിഷ്യന്മാരോടു പറയുകയാണ്, “എന്നിൽ വസിപ്പിൻ, എന്നിൽ, എന്നിൽ, എന്നിൽ, എന്നിൽ, എന്നിൽ, എന്നിൽ”! എന്നിൽ വസിപ്പിൻ; എന്റെ വചനം നിങ്ങളിൽ വസിക്കുന്നതുകൊണ്ടു നിങ്ങൾ വളരെ ഫലം കായ്ക്കുന്നു! - നിങ്ങൾ, നിങ്ങളിൽ കൂടി മറ്റുള്ളവരുടെ മുമ്പിൽ എന്നെയാണ് കാണിക്കുന്നത് - അങ്ങനെ എന്റെ പിതാവു മഹത്വപ്പെടുന്നു. എന്നാൽ എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങി പോകുന്നു. ആവക ചേർത്തു തീയിൽ ഇടുന്നു. അതു വെന്തുപോകും. എന്നെ കൂടാതെ സ്വതവേ നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴിയുകയില്ല.

ഇത് പ്രധാനമായിട്ടു അർത്ഥമാക്കുന്നത്, നമ്മൾ ക്രിസ്തുവിൽ വസിക്കണം, അവൻ നമ്മളിലും - ഇതു സാധ്യമാകുന്നത് നമ്മുടെ പ്രാർത്ഥനകളിൽ കൂടിയാണ്. ദൈവമായിട്ടുള്ള കൂട്ടായ്മ പ്രദർശിപ്പിക്കുന്നത് നമ്മുടെ പ്രാർത്ഥനകളെയാണ്.

നല്കുന്നതും സ്വീകരിക്കുന്നതുമായ ജീവൻ

യേശുവിന്റെ മരണത്തിന്റെ മുമ്പുള്ള രാത്രിയിൽ മഹാപുരോഹിതനായ

(ശേഷം 8-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

പരിപൂർണ്ണമായ സമാധാനം

നമ്മുടെ കൂടെ സദാസമയവും ഉണ്ട്, നമ്മൾ അവനെ ആഗ്രഹിക്കുന്നുവെങ്കിൽ, അതു അവന്നു വളരെ സന്തോഷം ഉളവാക്കുകയും, നമ്മുടെ ഹൃദയങ്ങളിൽ അവിടുന്നു താമസിക്കുവാൻ നമ്മെ ബലപ്പെടുത്തുകയും ചെയ്യും.

ഇവിടെ നമ്മൾ അറിഞ്ഞിരിക്കേണം - ചില കർത്തവ്യങ്ങൾ നമ്മുടെ ഭാഗത്തു നിന്നു ഉണ്ടാകണമെന്നുള്ളത്. എന്നിരുന്നാലും, ലോകത്തിൽ, ബിസിനസ്സുകൾ, ശാരീരികമായ ബലഹീനതകൾ, മനസ്സിന്റെ ഉറപ്പു ഇല്ലായ്മകൾ, നമ്മെ കുറിച്ചും യാതൊരു സ്രദ്ധയും ഇല്ലാത്ത സമൂഹത്തിലെ മറ്റുള്ള ജനങ്ങൾ, പിശാചും അവന്റെ എല്ലാ പ്രലോഭന, ചതി പ്രയോഗങ്ങളമെല്ലാം നമ്മെ കർത്താവിന്റെ സന്നിധിയിൽ നിന്നു നമ്മെ മാറ്റുകയും അങ്ങനെ അവനെ കുറിച്ചുള്ള നമ്മുടെ ഓർമ്മ നഷ്ടപ്പെടുകയും ചെയ്തേക്കാം. പക്ഷേങ്കിൽ ഇരുപത്തിനാലു മണിക്കൂറുകൾ ഉള്ള ദിവസത്തിൽ ഒന്നോ, രണ്ടോ പ്രാവിശ്യങ്ങൾ ഇങ്ങനെ ചിന്തിക്കുകയും നമ്മൾ കർത്താവിന്റെ സന്നിധിയിലേയ്ക്കു മടങ്ങി വരുകയും ചെയ്തില്ലെങ്കിൽ, അങ്ങനെ ശക്തവും കഠിനവുമായ പ്രയത്നങ്ങളിൽ കൂടി നമ്മൾ ദൈവസന്നിധിയിലേക്കു കടന്നുവരുന്നില്ലെങ്കിൽ ഒരു പക്ഷേ നമ്മുടെ പ്രാർത്ഥനയിൽ കർത്താവിനെ കാണുവാൻ കഴിഞ്ഞില്ലെന്നു വന്നേക്കാം.

യേശുവിൽ കേന്ദ്രീകരിക്കാം

അതുകൊണ്ടു നമ്മൾക്ക് കർത്താവുമായുള്ള കൂട്ടായ്മകളിൽ അണിചേരാം. നമ്മുടെ ചിന്തകൾ കർത്താവിൽ നിന്നു ദൂരെ മാറിപോകുമ്പോൾ, നമ്മുക്ക് അങ്ങനെയുള്ള ചിന്തകളെ പരാജയപ്പെടുത്തി കർത്താവിങ്കലേയ്ക്കു മടങ്ങി വരാം. ഇതു നമ്മൾക്ക് വളരെ ശാന്തമായിട്ടു, ക്ഷമയോടുകൂടിയും ചെയ്യാം. എന്തുകൊണ്ടെന്നാൽ എല്ലാതരത്തിലുമുള്ള ക്ഷമ ഇല്ലായ്മകൾ, നമ്മുടെ ഉള്ളിൽ തന്നേ, അത് വളരെ അപകടകരവും, നമ്മുടെ ഉള്ളിലെ സമാധാനത്തെ നശിപ്പിച്ചേക്കാവുന്നതും, ശാന്തവും നിശ്ചലവുമായ ആത്മാവിന്റെ ധ്വനികൾ മുങ്ങി നശിച്ചേക്കാവുന്നതു, അങ്ങനെ നമ്മളിൽ യജമാനത്വം പുലർത്തേണ്ട ദൈവകൃപയ്ക്കു തടസ്സങ്ങൾ ഉണ്ടാകുകയും നമ്മുടെ ചിന്തകൾക്കു അടിമപ്പെടുകയും ചെയ്യും ഹൃദയങ്ങൾ.

എന്നാൽ നമ്മുടെ ഹൃദയങ്ങളുടെ വിനയത്വവും ഏകാന്ത സ്വഭാവങ്ങളും, പരിശുദ്ധാത്മാവിനു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുവാൻ അനുവദിക്കുന്നുവെങ്കിൽ, നമ്മൾ അവന്റെ ശബ്ദം അനുസരിക്കുന്നവരുമാണെങ്കിൽ, കർത്താവ് നമ്മുടെ പതിനായിരം പ്രശ്നങ്ങളുടെയും / ഭാരങ്ങളെയും മദ്ധ്യത്തിൽ നമ്മുടെ പടകിനെ ശാന്തമായിട്ടു മുന്നോട്ടു നടത്തും. “ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവിശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങലെയും നിനവുകളെയും ക്രിസ്തു യേശുവിൽ കാക്കും” (ഫിലി.4:6-7) ❖

(3-ാംപേജിന്റെ തുടർച്ച)

സദാകാലവുമുള്ള ദൈവത്തിൽ നമ്മൾക്ക് അറിയിക്കാം

സമാധാന നിയമം നീങ്ങിപോകുകയുമില്ല എന്നു നിന്നോടു കരുണയുള്ള യഹോവ അരുളി ചെയ്യുന്നു”. ദൈവം ഇവിടെ പർവ്വതങ്ങൾ ഉണ്ടാകുന്നതിനു മുമ്പ് തന്നേ ഉണ്ടായിരുന്നു (സങ്കീ.90). അവൻ ഇവിടെ ഉണ്ട്. നമ്മൾ സങ്കീർത്തനങ്ങൾ 121-ൽ കാണുന്നതുപോൽ, അതുപോലെ തന്നെ ദൈവം ഇവിടെ ഉണ്ടായിരിക്കും, നമ്മൾ കാണുന്ന പർവ്വതങ്ങൾ എല്ലാം മാറിപോകുമ്പോഴും! അവിടെ നിന്ന് എല്ലായിപ്പോഴും നമ്മളോടൊപ്പം ഉണ്ടായിരിക്കും, അതോടൊപ്പം അവൻ നമ്മോടു വാഗ്ദത്തം ചെയ്തിരിക്കുകയാണ് “എന്റെ സമാധാന നിയമം നീങ്ങിപോകുകയുമില്ല എന്നു നിന്നോടു കരുണയുള്ള യഹോവ അരുളി ചെയ്യുന്നു” എന്നാണ്.

ഇതിനോടു ചേർന്ന് ഒരു പരമസത്യം നമ്മൾക്ക് സങ്കീർത്തനങ്ങൾ 46-ൽ കാണാം. “ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ടു ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും, അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അതിന്റെ കോപം കൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല. ഒരു നദി ഉണ്ടു: അതിന്റെ തോടുകൾ ദൈവനഗരത്തെ അത്യുന്നതന്റെ വിശുദ്ധ നിവാസത്തെതന്നേ, സന്തോഷിപ്പിക്കുന്നു. സൈന്യങ്ങളുടെ യഹോവ നമ്മോടു കൂടെ ഉണ്ടു: യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു. മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ; ഞാൻ ജാതികളുടെ ഇടയിൽ ഉന്നതൻ ആകും; ഞാൻ ഭൂമിയിൽ ഉന്നതൻ ആകും (സങ്കീ. 46:1-4, 7, 10). നമ്മുടെ മുമ്പിൽ നിന്ന് എല്ലാം മാറ്റപ്പെട്ടേക്കാം, പക്ഷേ ദൈവം മാത്രം മാറ്റമില്ലാത്തവനായിട്ടു എന്നും നമ്മോടു കൂടെ ഉണ്ടായിരിക്കും. അവൻ ഇപ്പോൾ, എല്ലായിപ്പോഴും ഉണ്ടായിരിക്കും. എന്തെല്ലാം സംഭവിച്ചാലും കർത്താവും കൂടെ ഉണ്ട്, “നമ്മുടെ സങ്കേതവും ബലവും ആകുന്നു, കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു”.

താങ്കൾ, ഒരു പക്ഷേ ഇപ്പോൾ വലിയ പ്രശ്നത്തിൽ ആയിരിക്കാം, ഞാൻ വിശ്വസിക്കുന്നു. ഈ സത്യങ്ങൾ താങ്കളുടെ ജീവിതത്തിനും വലിയ ധൈര്യവും ആശ്വാസകരവും ആയിരിക്കും എന്ന്. താങ്കൾ ദൈവത്തിലേയ്ക്കു തിരിയുമ്പോൾ, നിങ്ങൾക്ക് അവൻ ഒരു വിശ്വസ്തനായ സംരക്ഷകനായിട്ടും ദാതാവായിട്ടും, ബലമേകുന്നവനായിട്ടും, നല്ല സഹായകനായിട്ടും: “ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല” എന്നു അവൻ തന്നേ അരുളി ചെയ്തിരിക്കുന്നുവല്ലോ” (എബ്രായർ 13:5). “പർവ്വതങ്ങൾ യെരുശലേമിനെ ചുറ്റിയിരിക്കുന്നു. യഹോവ ഇന്നു മുതൽ എന്നേക്കും തന്റെ ജനത്തെ ചുറ്റിയിരിക്കുന്നു” (സങ്കീ. 125:2). “ജനമേ, എല്ലാ കാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ; ദൈവം നമുക്ക് സങ്കേതമാകുന്നു” (സങ്കീ.62:8). ❖

(2-ാം പേജിന്റെ തുടർച്ച)

എന്തുകൊണ്ടു ചിലർക്കുള്ള സമാധാനം മറ്റുള്ളവർക്ക് ഇല്ല

''നിന്റെ കല്പനകൾക്കായി വാഞ്ഛിക്കയാൽ ഞാൻ എന്റെ വായ് തുറന്നു കിഴെക്കുന്നു'' (സങ്കീ.119:131).

''നിന്റെ വചനം അതി വിശുദ്ധമാകുന്നു: അതുകൊണ്ടു അടിയന്നു അതു പ്രിയമാകുന്നു'' (സങ്കീ. 119:140).

''കഷ്ടവും സങ്കടവും എന്നെ പിടിച്ചിരിക്കുന്നു; എങ്കിലും നിന്റെ കല്പനകൾ എന്റെ പ്രമോദമാകുന്നു'' (സങ്കീ. 119:143).

''ഞാൻ ഉദയത്തിനു മുമ്പെ എഴുന്നേറ്റു പ്രാർത്ഥിക്കുന്നു; നിന്റെ വചനത്തിൽ ഞാൻ പ്രത്യാശവെക്കുന്നു. തിരുവചനം ധ്യാനിക്കേണ്ടതിന്നു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു'' (വാക്യങ്ങൾ 147-148).

''.... നിന്റെ വചനം നിമിത്തം എന്റെ ഹൃദയം പേടിക്കുന്നു. വലിയ കൊള്ള കണ്ടു കിട്ടിയവനെപ്പോലെ ഞാൻ നിന്റെ വചനത്തിൽ ആനന്ദിക്കുന്നു. ഞാൻ ഭോഷ്ക്കു പകച്ചു വെറുക്കുന്നു; നിന്റെ ന്യായപ്രമാണമോ എനിക്കു പ്രിയമാകുന്നു'' (വാക്യങ്ങൾ 161-163).

ആയിരം സമയങ്ങളിലെങ്കിലും ഞാൻ പലകാര്യത്തിലും ഭയപരവശനായി തീർന്നിട്ടുണ്ട്. ഇങ്ങനെയുള്ള പരവേശങ്ങൾ എന്റെ മനസ്സിനെ തീ ഉറുമ്പിനെ പോലെ ക്ലേശിപ്പിച്ചിരുന്നു. പലപ്പോഴും എന്റെ ഉറക്കത്തെ നശിപ്പിച്ചിരുന്നു. ദൈവത്തിന്റെ സമാധാനം എനിക്കായി കാത്തിരിക്കുന്നു, എന്റെ ആ പ്രാർത്ഥന മുറിയെ ചെറിയ ദീപത്തിന്റെ വെളിച്ചത്തിൽ ദൈവവചനം പാരായണം ചെയ്യുമ്പോൾ അവൻ എനിക്കായിട്ടു അവിടെ കാത്തിരിക്കുകയാണ്, മിക്കപ്പോഴും രാത്രികളെ ദർശിക്കുമ്പോൾ, എന്നെ തിരികെ കൊണ്ടുവരുന്നു. എന്റെ ഹൃദയത്തെ ശാന്തമാക്കുവാൻ. എന്റെ സമാധാനം മടക്കി നല്കുവാൻ.

ഓ. ഞാൻ എത്രയധികം ദൈവത്തിന്റെ വചനം സ്നേഹിക്കുന്നു. ദൈവത്തിന്റെ സമാധാനം എനിക്ക് ലഭിക്കുന്നത്!

പിതാവേ, എന്നെ നിന്നിൽ നിന്നു ഒരിക്കലും ദൂരെ കൊണ്ടുപോകരുത്. ആകുലത ചിന്തകളും/പരവേശങ്ങളുമെല്ലാം ഒരു വലിയ ആപത്തു സൂചികധ്വനിപോലെ എന്നെ ഉണർത്തുകയും ചെയ്യുന്നു. അങ്ങയുടെ വചനത്തിന്റെ മൂല്യത്തെ കാണുവാൻ എന്റെ കണ്ണുകളെ തുറക്കേണമേ, അങ്ങനെ അതിനെ അനുധാവനം ചെയ്യുവാൻ കഴിയും രാത്രികളിൽ അവിടുത്തെ സന്നിധിയിൽ ജാഗരിക്കുവാൻ വളരെ ഞാൻ ഇഷ്ടപ്പെടുന്നു. ഉറക്കം എനിക്ക് അപ്രസക്തമായി തീരുന്നു, അങ്ങനെ ഞാൻ നിന്നിൽ നിന്നു കേൾക്കുവാൻ കാതു കൂർപ്പിച്ചിരിക്കുന്നു; എന്തിനാണോ എന്റെ ആത്മാവിനെ ശാന്ത പൂർണ്ണമാക്കുവാൻ സാധിക്കുന്നത്. ❖

(6-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന സാരവത്തായ ദൈവവുമായിട്ടുള്ള കൂട്ടായ്മ ആകുന്നു

കർത്താവ് തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു (യോഹ. 17:20-26), ഇതു അതുപോലൊരു കാര്യം വ്യക്തമാക്കുന്നു. അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാർക്കായിട്ട് പ്രാർത്ഥിച്ചു. യേശു നമ്മൾക്കുവേണ്ടിയും അന്ന് പ്രാർത്ഥിച്ചു.

''ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ലോകം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവനിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്നു തന്നേ. പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു. നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ഇവരും അറിഞ്ഞിരിക്കുന്നു. **നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും** ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും'' (യോഹ. 17:20-26).

ക്രിസ്തു തന്റെ പിതാവിന്റെ മുമ്പിൽ തന്നേതന്നേ പകർന്നപ്പോൾ, അവിടുന്ന് തന്റെ പിതാവിൽ നിന്നു സ്വീകരിച്ചും യേശു അതു മുൻകൂട്ടി പറഞ്ഞു. ''ഞാനും എന്റെ പിതാവും ഒന്നാകുന്നു''. എന്നാൽ അവന്റെ പ്രാർത്ഥനകൾ കൂട്ടായ്മയെ വെളിപ്പെടുത്തി. യേശു ആ ക്രൂശീകരണത്തിനു മുമ്പു, അവിടുന്ന് ഒരു എണ്ണപ്പെട്ട പ്രവൃത്തി ചെയ്തു - പ്രാർത്ഥന - ഇതിൽ കൂടി യേശു സ്വർഗ്ഗസ്ഥനായ അവിടുത്തെ പിതാവിനോടുള്ള കൂട്ടായ്മ വെളിപ്പെടുത്തി. ഇതിൽ കൂടി പിതാവു പുത്രനോടുള്ള കൂട്ടായ്മയും വെളിപ്പെടുത്തി.

അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ചോദ്യം പ്രാർത്ഥനയോടുള്ള ബന്ധത്തിൽ - നമ്മുടെ വായിൽ നിന്നു വരുന്ന വാക്കുകൾക്ക് അല്ല പ്രാധാന്യമുള്ളത് - (തീർച്ചയായിട്ടു വാക്കുകൾ പ്രസക്തമാണ്) അല്ലെങ്കിൽ മതപരമായ ബന്ധത്തിൽ കടപ്പെട്ടിരിക്കുന്ന അച്ചടക്ക പ്രവൃത്തിയിൽ കൂടി ധാരാളം വാഗ്ദത്തങ്ങൾ പ്രാപിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും അതിലേയ്ക്കു നമ്മെ വലിച്ചിഴയ്ക്കുകയും ചെയ്യുന്നു (ജോഗിങ്ങിൽ കുറച്ച് കൂട്ടുകാർ ചേർന്ന് ജോഗിങ് ചെയ്യുന്നതുപോലെയോ / ഒരു ഭാരം ഉയർത്തുന്നതു പോലെയോ), എന്നാൽ നിങ്ങളുടെ ജീവിതം മുഴുവനായിട്ട് കർത്താവിനു നൽകുകയും ദൈവത്തിൽ നിന്നു ഒരു ജീവിതം നിങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നത്. ഇ. എം.ബോണ്ടസ് കുറിച്ചതുപോലെ: ''പ്രാർത്ഥന എന്നാൽ ഒരു ഉടമ്പടിയാണ് - ജീവനുള്ള ആത്മാവു ദൈവമായിട്ടു പ്രാർത്ഥനയിൽ ദൈവം മനുഷ്യന്റെ വശത്തേക്കു കുനിഞ്ഞിട്ട് അവനെ ഉമ്മ വയ്ക്കുന്നു, മനുഷ്യനെ അനുഗ്രഹിക്കുന്നു, അവനെ സഹായിക്കുന്നു എല്ലാറ്റിലും വഴികൾ തുറക്കുന്നു. അല്ലെങ്കിൽ മനുഷ്യൻ എന്താണ് ആവിശ്യമായിരിക്കുന്നത്. അതു അവിടുന്നു പ്രവർത്തിച്ചു കൊടുക്കുന്നു''. അതുകൊണ്ട് പ്രാർത്ഥനയിൽ നാം ചെയ്യുന്ന ഏറ്റവും വലിയ പ്രവൃത്തിയെന്നത്, നമ്മളുടെ ഏറ്റുപറച്ചിലാണ് ദൈവവുമായിട്ടു അവനിൽ നമ്മൾക്കുള്ള എല്ലാം ഉണ്ടന്നുള്ളത് - ലോകം, ജീവിതം, മരണം, വർത്തമാനവും, ഭാവിയുമെല്ലാം.... നമ്മൾക്ക് ഉള്ളതെല്ലാം ക്രിസ്തുവിലുണ്ട്, ക്രിസ്തു ദൈവത്തിന്റെതു (1 കൊരി. 3:1-23). അവനെ കൂടാതെ നമ്മൾക്ക് ഒന്നും ചെയ്വാൻ കഴിയുകയില്ല. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975